പാറശ്ശാലയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതിയും കുമരകം തിരുവാർപ്പ് ശുദ്ധജല വിപുലീകരണ പദ്ധതിയും നിലവിലുള്ള 6 ശുദ്ധജല വിതരണ പദ്ധതികളുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തിയും സർക്കാർ തലത്തിൽ പ്രത്യേക അവലോകനത്തിന് വിധേയമാക്കേണ്ട പദ്ധതികളിൽ ഉൾപ്പെട്ടിട്ടുണ്ട്.

ജലവിഭവ വകുപ്പിന്റെ മൈനർ ഇറിഗേഷന് കീഴിൽ പണികൾ സമയ ബന്ധിതമായി തീർക്കുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു കഴിഞ്ഞു. ഇൻവെസ്റ്റിഗേഷൻ ആവശ്യമായ പ്രവർത്തികൾ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച രൂപരേഖ അംഗീകരിച്ച ശേഷം മാത്രമേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ഇൻവെസ്റ്റിഗേഷൻ ആവശ്യമില്ലാത്ത എല്ലാ പ്രവർത്തികളും ഇൻവെസ്റ്റിഗേഷൻ ആവശ്യമായ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ പണികളും ആരംഭിച്ചു കഴിഞ്ഞു.

ജലവിഭവ വകുപ്പിന്റെ കാവേരി സെല്ലിന് കീഴിൽ മലബാർ പാക്കേജിലെ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജലവിഭവ വകുപ്പിന്റെ ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷനുകീഴിൽ ലിഫ്റ്റ് ഇറിഗേഷൻ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി ചീഫ് എൻജിനീയർ ഓഫീസിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ എറണാകുളം ജില്ലയിലെ നവീകരണം നടപ്പിലാക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കേന്ദ്രീകരിച്ച് ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

വിഷൻ 2010 പ്രകാരം വടകര മണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ

133 (5838) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷൻ 2010 പ്രകാരം വടകര മണ്ഡലത്തിലെ ഒരു കോടി രൂപാ വികസന ഫണ്ടിൽ നിന്ന് നടപ്പിലാക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിർദ്ദേശിക്കപ്പെട്ടത് ; അവയിൽ ഏതൊക്കെ പദ്ധതികൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്ന് വടകര മുനിസിപ്പാലിറ്റിയിലെ പാക്കയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട പദ്ധതിയുടെ ഇപ്പോഴത്തെ നില എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിഷൻ 2010 പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വടകര മണ്ഡലത്തിൽ വില്യാപ്പള്ളി - കാർത്തികപ്പള്ളി ഓർക്കാട്ടേരി റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പദ്ധതിക്ക് G.O.(Rt) No.304/2008/PWD Dtd. 12-3-2008 പ്രകാരം 100 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. * ഓർക്കാട്ടേരി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സി.എച്ച്.സി. കെട്ടിട നിർമ്മാണത്തിന് 37 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലവിഭവ വകുപ്പിന്റെ കീഴിൽ വടകര മണ്ഡലത്തിലെ പാക്കയിൽ കുടിവെള്ള പദ്ധതി സർക്കാരിന് സമർപ്പിച്ചിരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കേരള വാട്ടർ അതോറിറ്റി പ്രസ്തുത പദ്ധതി നടപ്പാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) വടകര മുൻസിപ്പാലിറ്റിയിലെ പാക്കയിൽ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സമർപ്പിച്ച 60 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കേരള വാട്ടർ അതോറിറ്റി നടപ്പാക്കാൻ 6-10-2009-ലെ 1781/C1/WRD നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

കുടിശ്ശിക നികുതി - ആംനെസ്റ്റി സ്കീമിന്റെ കാലാവധി

134 (5839) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റത്തവണ തീർപ്പാക്കലിലൂടെ കുടിശ്ശിക നികുതി അടയ്ക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ ആംനെസ്റ്റി സ്കീമിന്റെ കാലാവധി എന്ന് അവസാനിക്കും എന്നറിയിക്കുമോ ;

(ബി) ഈ സ്കീം നടപ്പിലാക്കിയശേഷം സർക്കാരിന് എത്ര കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിയുടെ കാലാവധി നീട്ടണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഡി) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന ചെറുകിട ഇടത്തരം കച്ചവടക്കാർക്ക് സഹായകരമാകുന്നതും സർക്കാരിന് വരുമാന വർദ്ധനവുണ്ടാകുന്നതുമായ ഈ പദ്ധതിയുടെ കാലാവധി ഒരു വർഷം കൂടി നീട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള ധനകാര്യ ബിൽ 2010 പ്രകാരം ഒറ്റത്തവണ തീർപ്പാക്കലിലൂടെ കുടിശ്ശിക നികുതി അടയ്ക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ ആംനെസ്റ്റി സ്കീമിന്റെ കാലാവധി 30-6-2010 വരെയായിരുന്നു. എന്നാൽ വ്യാപാരികളുടെയും വിവിധ വ്യാപാര സംഘടനകളുടെയും അഭ്യർത്ഥന മാനിച്ച് ഈ പദ്ധതിയുടെ കാലാവധി 31-12-2010 വരെ ദീർഘിപ്പിക്കാനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly